ഏരിയായിൽ 29 കുഴൽക്കിണറുകൾ കുഴിച്ചിട്ടുണ്ട്. ചെറുകിട കർഷകരുടെ ദവനയ്യ നിക്കവറി നടപടികൾ 6 മാസമായി ഈ പ്രദേശങ്ങളിൽ നിർത്തിവച്ചിരിക്കുകയാണ്. സഹകരണ സ്ഥാപനങ്ങളും ഈ നിലയിലുള്ള നടപടികളും ഇതിനകം സ്വീകരിച്ചു കഴിഞ്ഞിട്ടുണ്ട്. കൊഴിഞ്ഞാമ്പാറ തുടങ്ങിയ സ്ഥലങ്ങളിൽ ടാങ്കർ ലോറികളിൽ, വെള്ളം എത്തിച്ചുകൊടുക്കുന്നുണ്ട്. ആവശ്യമായ മുഴുവൻ സ്ഥലങ്ങളിലും ലോറികളിലും മറ്റ് വാഹനങ്ങളിലും വെള്ളം എത്തിച്ചുകൊടുക്കാൻവേണ്ട നിർദ്ദേശം ജില്ലാ കളക്ടർക്ക് കൊടുത്തിട്ടുണ്ട്. ശ്രീ. കൃഷ്ണൻകുട്ടി പറഞ്ഞതുപോലെ തൊഴിലവസരങ്ങൾ സൃഷ്ടിക്കുന്നതിനുവേണ്ടി 10 റോഡുകളുടെ പണി ഏറ്റെടുത്തിട്ടുണ്ട്. സ്പെഷ്യൽ ന്യൂട്രീഷൻ പ്രോഗ്രാം അനുസരിച്ചുള്ള പരിപാടികൾ, ഫ്രീറേഷൻ മുതലായവയ്ക്കുള്ള ഏർപ്പാടുകളും ചെയ്തിട്ടുണ്ട്. ജനപ്രതിനിധികളുടെ ഒരു യോഗം വിളിച്ചുകൂട്ടണമെന്നു ഇവിടെ പറയുകയുണ്ടായി. ജില്ലാ കളക്ടറുടെ നേതൃത്വത്തിൽ എല്ലാ ഡിപ്പാർട്ടുമെന്റ് ഉദ്യോഗസ്ഥൻമാരുടെയും ഒരു യോഗം വിളിച്ചുകൂട്ടാനാവശ്യമായ നടപടികൾ സ്വീകരിച്ചിട്ടുണ്ട്. ഏറ്റവും വേഗം മറ്റൊരു യോഗംകൂടി വിളിച്ചുകൂട്ടാൻ വേണ്ട ഏർപ്പാടുകൾ ചെയ്യുന്നതാണ്. ഇപ്പോൾ വരൾച്ച അനുഭവപ്പെടുന്ന ഈ പ്രദേശങ്ങളൊക്കെ സ്ഥിരമായി വരൾച്ച അനുഭവപ്പെടുന്ന പ്രദേശങ്ങളാണ്, ഡ്രോട്ട് പ്രോൺ ഏരിയ എന്നുള്ള നിലയിൽ ഈ സ്ഥലങ്ങളിലെ കാർഷിക മേഖലയിൽ സ്ഥിരമായി വെള്ളമെത്തിച്ചു കൊടുക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കണമെന്ന് കേന്ദ്ര ഗവൺമെന്റിനു നൽകിയ മെമ്മോറാണ്ടത്തിൽ ആവശ്യപ്പെട്ടിട്ടുണ്ട്. റെയിൻ ഷാഡോ മേഖലയിൽപ്പെട്ട സ്ഥലങ്ങൾ സ്ഥിരമായി വരൾച്ചബാധിത പ്രദേശങ്ങളാണ്. അതുകൊണ്ട് ഭീർഘകാലാടിസ്ഥാനത്തിലുള്ള പരിപാടികൾ ആവശ്യമാണ്. കേന്ദ്ര ഗവൺമെന്റിന്റെ ഡ്രോട്ട് പ്രോൺ സ്കീമിൽ ഉൾപ്പെടുത്തി പ്രവർത്തനങ്ങൾ നടത്തുന്നതിനാവശ്യമായ നടപടികൾ സ്വീകരിക്കണമെന്നു കേന്ദ്ര ഗവൺമെന്റിനോട് ആവശ്യപ്പെട്ടിട്ടുണ്ട്.

ശ്രീ. കെ. കൃഷ്ണൻകുട്ടി : വരൾച്ചയ്ക്കുവേണ്ടി കേന്ദ്ര ഗവൺമെന്റിൽ നിന്ന് എത്ര തുകയാണ് ആവശ്യപ്പെട്ടിരുന്നത് ? എത്ര നഷ്ടം എല്ലാ വകുപ്പുകളിലും കൂടി ഉണ്ടായിട്ടുണ്ടെന്നാണ് കണക്കാക്കിയിട്ടുണ്ടോ ? കേന്ദ്ര ഗവൺമെന്റിന്റെ പ്രതികരണം എന്താണെന്നു അറിയണം.

ശ്രീ. പി. ജെ. ജോസഫ് : സർ, നഷ്ടത്തെക്കാളുപരി ഇവിടം സ്ഥിരമായി വരൾച്ച ബാധിച്ചിട്ടുള്ള ഒരു പ്രദേശം എന്നുള്ള നിലയ്ക്ക് ജലസേചന പദ്ധതികളും മറ്റ് പരിപാടികളുമൊക്കെ സമഗ്രമായി നടപ്പിലാക്കുന്നതിനുള്ള ഒരു മെമ്മോറാണ്ടമാണ് ഗവൺമെന്റ് കൊടുത്തിട്ടുള്ളത്. തൽക്കാല ആശ്വാസത്തിനുള്ള നടപടികൾ സ്വീകരിക്കുന്നതിനുള്ള ചെലവിലേക്കായി മാർച്ച് 31-ാം തീയതിക്ക് മുമ്പ് ചെലവഴിക്കാനായി 30 ലക്ഷം രൂപ അനുവദിച്ചിട്ടുണ്ട്.

(2) കുറ്റിപ്പുറം വിദ്യാഭ്യാസ ഉപജില്ലയിൽപ്പെട്ട വിദ്യാസാഗർ എ. എം. എൽ. പി. സ്കൂൾ കെട്ടിടം പൊളിച്ചുമാറ്റുന്നതുമൂലം വിദ്യാർത്ഥികൾ നേരിടുന്ന ബുദ്ധിമുട്ടുകൾ

ശ്രീ. കൊമ്പയിൽ അഹമ്മദ് ഹാജി : സർ, എന്റെ നിയോജക മണ്ഡലത്തിലെ കുറ്റിപ്പുറം വിദ്യാസാഗർ എ.എം.എൽ.പി. സ്കൂൾകെട്ടിടം പൊളിച്ചുമാറ്റാനുള്ള നടപടികൾ എടുക്കുന്നതുമൂലം അവിടത്തെ വിദ്യാർത്ഥികൾക്കുണ്ടായിട്ടുള്ള വിഷമകരമായ അവസ്ഥയെ ബഹുമാനപ്പെട്ട വിദ്യാഭ്യാസ മന്ത്രിയുടേയും സഭയുടേയും ശ്രദ്ധ ക്ഷണിക്കുകയാണ്. ഈ സ്കൂളിന് 62 വർഷത്തെ പഴക്കമുണ്ട്, ഏതാണ്ട് 400 ഓളം വിദ്യാർത്ഥികൾ

LIBRARY ARCHIVES Kerala Legislative Assembly

സ്കൂളിൽ പഠിച്ചുകൊണ്ടിരിക്കുന്നു. ഈ പ്രദേശം സാമൂഹ്യപരമായും സാമ്പത്തികപരമായും വളരെ പിന്നോക്കമാണ്. ഹരിജൻ കോളനികളിലും ലക്ഷം വീടുകളിലും താമസിക്കുന്ന വിദ്യാർത്ഥികളാണ് ഭൂരിഭാഗവും ഈ സ്കൂളിലെ കുട്ടികൾ. ഈ സ്കൂളിന് അടുത്ത ഒരു സ്കൂളുള്ളത് 3 കിലോമീറ്റർ അകലെയാണ്. ആ സ്കൂളിൽ എത്തണമെങ്കിൽ കുട്ടികൾക്ക് റെയിൽവേപാളം മുറിച്ചുവേണം കടന്നു പോകാൻ. കേരളത്തിൽ അടുത്ത കാലത്തുണ്ടായിട്ടുള്ള റെയിൽവേ അത്യാഹിതങ്ങളുടെ ഭീതിതമായ ഓർമ്മയിൽ ആ സ്കൂളിലേക്ക് അയയ്ക്കുന്നതിന് രക്ഷകർത്താക്കൾ മടികാണിക്കുകയാണ്. ആ സ്കൂൾ കെട്ടിടം പൊളിച്ച് നീക്കുന്നത് കുറ്റിപ്പുറം ഓവർ ബ്രിഡ്ജിന് ആവശ്യമായി വന്നിട്ടുള്ള അപ്രോച്ച് റോഡിനുവേണ്ടിയിട്ടാണ്. ഇത് വളരെ ആവശ്യമുള്ള കാര്യംതന്നെയാണ്. അതിന് ആരും എതിരല്ല. അതേ അവസരത്തിൽ ഈ സ്കൂൾ നഷ്ടപ്പെടാൻ പോകുന്നവിവരം 1983-ൽ തന്നെ രക്ഷകർത്തൃസമിതി സ്കൂൾ മാനേജരെ അറിയിച്ചിരുന്നതാണ്. മാനേജർ അന്ന് പറഞ്ഞു എനിക്ക് ഈ കാര്യത്തിൽ ഒന്നുംതന്നെ ചെയ്യാൻ നിർവ്വാഹമില്ലായെന്ന്. അന്നു മുതൽ രക്ഷകർത്തൃസമിതിയും മറ്റു ആളുകളും സർക്കാരിനെ നിരന്തരമായി ഇതുസംബന്ധിച്ച കാര്യങ്ങൾ അറിയിച്ചുകൊണ്ടിരിക്കുകയായിരുന്നു. എന്നാൽ സർക്കാർ ഭാഗത്തുനിന്ന് വേണ്ട നടപടികൾ ഉണ്ടായില്ല. ഇപ്പോൾ എല്ലാ രാഷ്ട്രീയ പാർട്ടികളും സാമൂഹ്യസംഘടനകളും ഒത്തൊരുമിച്ചുകൊണ്ട് ഒരു ആക്ഷൻ കൗൺസിൽ അവിടെയുണ്ടാക്കി ഒരു സമരത്തിലേക്ക് അവരെ നയിക്കുന്ന ഒരു ചുറ്റുപാടാണ് അവിടെയുള്ളത്. ഈ പരിതഃസ്ഥിതിയിൽ 11-6-1985-ൽ പൊതുവിദ്യാഭ്യാസ സെക്രട്ടറിയുടെ ഒരു ഓർഡർ കിട്ടുകയുണ്ടായി. അതിൽ സ്കൂൾ കെട്ടിടത്തിന് ആവശ്യമായിട്ടുള്ള സ്ഥലം കൊടുക്കാമെന്നും കെട്ടിടവും മറ്റുമൊക്കെത്തന്നെ നാട്ടുകാർതന്നെ നിർമ്മിക്കണമെന്നുമാണ്. എന്നാൽ ഈ സ്ഥലത്തുള്ളവർ സാമ്പത്തികമായി വളരെ പിന്നോക്കം നിലനിൽക്കുന്നവരാണ്. അവർക്ക് സ്കൂളിന് ആവശ്യമായ കെട്ടിടമുണ്ടാക്കുവാൻ സാധിക്കുകയില്ല. അവിടെ പബ്ലിക് ഹെൽത്ത് സെന്ററിന്റെ മുമ്പിൽ പുറമ്പോക്ക് സ്ഥലമുണ്ട്. ആ സ്ഥലത്ത് സർക്കാർ തന്നെ ഒരു സ്കൂൾ നിർമ്മിച്ചുകൊടുക്കണമെന്ന് നാട്ടുകാർ അപേക്ഷിച്ചുകൊണ്ടിരിക്കുകയാണ്. അങ്ങനെ സ്കൂൾ കെട്ടുകയാണെങ്കിൽ അതിനാവശ്യമായ ഫർണീച്ചറും മറ്റും നാട്ടുകാർ ഉണ്ടാക്കിക്കൊടുക്കാമെന്ന് പറഞ്ഞിട്ടുണ്ട്. അതിന് ഗവൺമെന്റിൽനിന്ന് മറുപടി ഇതുവരെ ഉണ്ടായിട്ടില്ല. എന്നാൽ ഏറ്റവും അടുത്ത് 4-2-1985-ൽ സ്പെഷ്യൽ തഹശീൽദാരിൽ നിന്നുകിട്ടിയ ഒരു ഓർഡർ പ്രകാരം വരുന്ന 31-ാം തീയതി ഈ സ്കൂൾ കെട്ടിടം പൊളിക്കാൻവേണ്ടി ഒഴിഞ്ഞുകൊടുക്കണമെന്ന് നിർദ്ദേശം കിട്ടിയിരിക്കുകയാണ്. ഇതുമൂലം അവിടെയുള്ള സാധാരണ ജനങ്ങൾ വളരെയധികം അസ്വസ്ഥചിത്തരായിരിക്കുകയാണ്. ആക്ഷൻ കൗൺസിൽ വരുന്ന 29-ാം തീയതി മുതൽക്ക് കുറ്റിപ്പുറം നാഷണൽ ഹൈവേയിൽ ഓരോ മണിക്കൂർ വച്ച് ഒരു സൂചനാസമരപരിപാടി ആരംഭിക്കാൻ ഉദ്ദേശിച്ചിരിക്കുകയാണ്. അതുകൊണ്ട് എനിക്ക് സർക്കാരിനോട് പറയാനുള്ളത് സാധാരണ ഒരു പുതിയ സ്കൂൾ ആവശ്യപ്പെടുമ്പോൾ അതിന് നാട്ടുകാർ സ്ഥലംകൊടുക്കണം, ഉപകരണം ഉണ്ടാക്കണം എന്നൊക്കെ പറയുന്ന നിബന്ധനകൾ ഈ കേസിൽ പ്രസക്തമല്ലായെന്നാണ്. പ്രധാനമായും മൂന്നുകാര്യങ്ങൾകൊണ്ട് ഈ സാധാരണ സമ്പ്രദായം അവിടെ പ്രായോഗികമല്ല, ഒന്നാമത് ഇതൊരു പുതിയ സ്കൂളല്ല. 62 കൊല്ലത്തെ പഴക്കം ഇതിനുണ്ട്. ആ സ്കൂൾ കെട്ടിടം പൊളിച്ചു നീക്കുന്നതിന് പകരമായിട്ടുള്ള ഒരു സ്കൂളാണ് ആവശ്യപ്പെടുന്നത്. രണ്ടാമത് ആ പ്രദേശത്തെ ജനങ്ങൾക്ക് ഒരു സ്കൂൾ കെട്ടിടം ഉണ്ടാക്കാനുള്ള സാമ്പത്തികശേഷിയില്ല. മൂന്നാമത് ഈ കെട്ടിടം പൊളിച്ചുമാറ്റുന്നത്

LIBRARY ARCHIVES Kerala Legislative Assembly

ഗവൺമെൻറിന്റെ ആവശ്യത്തിനുവേണ്ടിയാണ്. അതുകൊണ്ട് ഗവൺമെൻറു തന്നെ കെട്ടിടവും ആവശ്യമായ സൗകര്യങ്ങളും നൽകുന്നതിനുള്ള ബാദ്ധ്യത ഏറെടുക്കണം. ഇതിന് ആവശ്യമായ കെട്ടിടവും സ്ഥലവും മൊക്കെ ഗവൺമെൻറു തന്നെ കാണണം. അതുവരെ കുട്ടികളുടെ വിദ്യാഭ്യാസം തുടർന്നും നടത്തുന്നതിനുള്ള സൗകര്യങ്ങളും ചെയ്തുകൊടുക്കണം. അതിനാവശ്യമായ ബദൽ സംവിധാനങ്ങളും എത്രയുംപെട്ടെന്ന് ഉണ്ടാക്കണമെന്ന് ബഹുമാനപ്പെട്ട മന്ത്രിയോട് അഭ്യർത്ഥിക്കുകയാണ്. അതില്ലാതാവുകയാണെങ്കിൽ അതിന്റെ ഫലമായി അവിടെ ഉണ്ടാകാവുന്ന ഗുരുതരാവസ്ഥയിലേക്ക് ബഹു: മന്ത്രിയുടേയും സഭയുടേയും ശ്രദ്ധ ക്ഷണിക്കുകയാണ്.

വിദ്യാഭ്യാസവകുപ്പുമന്ത്രി (ശ്രീ. ടി. എം. ജേക്കബ്) : സർ, കുറ്റിപ്പുറം വിദ്യാസാഗർ എ. എം. എൽ. പി. സ്കൂൾ ഈ മാർച്ച് 31-ാം തീയതിക്കകം പൊളിച്ചുമാറ്റണമെന്ന് പറഞ്ഞു ഉത്തരവു കൊടുത്തിട്ടുണ്ട്. ബഹുമാനപ്പെട്ട മെമ്പർ സൂചിപ്പിച്ചപോലെ കുറ്റിപ്പുറം ഓവർബ്രിഡ്ജിന്റെ അപ്രോച്ച് റോഡ് വരുന്നത് ഈ സ്കൂൾ സ്ഥിതിചെയ്യുന്ന സ്ഥലത്തുകൂടിയാണ്. ഗവൺമെൻറിന്റെ ആവശ്യത്തിനാണ് ഓവർബ്രിഡ്ജ് പണിയുന്നതെന്ന് പറഞ്ഞു. ഗവൺമെൻറിന്റെ ആവശ്യം എന്നു പറയുന്നത് പൊതുജനങ്ങളുടെ ആവശ്യമാണ്. സ്കൂൾ ആവശ്യമാണെന്ന് അദ്ദേഹം പറഞ്ഞു. ഓവർബ്രിഡ്ജും ആവശ്യമാണെന്ന് അദ്ദേഹം പറഞ്ഞു. ഓവർബ്രിഡ്ജ് പണിയണമെങ്കിൽ ഈ അപ്പോച്ച് റോഡ് ഉണ്ടായേ പറ്റൂ. ഇത് വർഷങ്ങളായി അവിടത്തെ ആളുകൾ ഉന്നയിച്ചിരുന്നതാണ്. അപ്രോച്ച് റോഡ് സ്കൂൾ ഇരിക്കുന്ന ഭാഗത്തുകൂടിയാണ് വരുകയും ചെയ്യുന്നത്. പിന്നെയുള്ള ഏകമാർഗ്ഗം എന്നു പറയുന്നത് സ്കൂൾ പൊളിച്ചുമാറ്റുകയെന്നുള്ളതാണ്. അതനുസരിച്ചുള്ള ഉത്തരവാണ് കൊടുത്തിരിക്കുന്നത്. ആ സ്കൂളിൽ 360 കുട്ടികൾ പഠിക്കുന്നുണ്ട്. ഇതിന്റെ സമീപത്ത് ഒരു യു. പി. സ്കൂളിന്റെ കെട്ടിടം ഉണ്ട്. ആ കെട്ടിടത്തിലേക്ക് സ്കൂൾ മാറ്റി പ്രവർത്തിപ്പിക്കുന്നതിനുവേണ്ട നടപടികളാണ് ഇപ്പോൾ എടുത്തിരിക്കുന്നത്. അങ്ങനെയൊരു നിർദ്ദേശം ബന്ധപ്പെട്ട ഉദ്യോഗസ്ഥൻമാർക്ക് നൽകുകയും ചെയ്തിട്ടുണ്ട്. ബഹുമാനപ്പെട്ട മെമ്പർ സൂചിപ്പിച്ച മറ്റൊരു കാര്യം പുറമ്പോക്ക് ഭൂമിയെ കുറിച്ചാണ്. അവിടെ സർക്കാർവക 2.77 ഏക്കർ പുറമ്പോക്ക് ഭൂമിയുണ്ട്. അതിൽ 1.23 ഏക്കർ ആരോഗ്യവകുപ്പിനായി നീക്കിവച്ചിരിക്കുകയാണ്. ബാക്കി ഭൂമിയിൽ കുടികിടപ്പുകാരുണ്ട്. ആ പറയുന്ന പുറമ്പോക്കുഭൂമി ഈ ആവശ്യത്തിലേക്ക് എടുക്കണമെങ്കിൽ ഈ കുടികിടപ്പുകാരെ ഒഴിപ്പിക്കേണ്ടതായി വരും. മറ്റൊരു സാങ്കേതികപ്രശ്നമുള്ളത് പാറ കൂടുതലായിട്ടുള്ള ഒരു പ്രദേശമാണ് എന്നുള്ളതാണ്. അതുകൊണ്ട് അവിടെ കെട്ടിടം പണിയുകയാണെങ്കിൽ വളരെയേറെ പണച്ചെലവു വരുമെന്നാണ് എഞ്ചിനീയർമാർ കണക്കാക്കി ഗവൺമെൻറിലേക്ക് നൽകിയിരിക്കുന്ന റിപ്പോർട്ടിൽ പറഞ്ഞിരിക്കുന്നത്. ഇതാണ് ഇതിന്റെ യഥാർത്ഥത്തിലുള്ള ചിത്രം. ഇവിടെ രണ്ട് ആവശ്യങ്ങളുമുണ്ട്. ഇതൊരു പ്രൈവറ്റ് സ്കൂളാണ്. ആവശ്യമായ സ്ഥലം കണ്ടെത്തി മറ്റൊരു സ്കൂൾ പണിയുകയെന്നുള്ളത് മാനേജരെ സംബന്ധിച്ചിടത്തോളം ബുദ്ധിമുട്ടാണെന്ന് അറിയിച്ചിട്ടുണ്ട്. ഈ സാഹചര്യത്തിൽ അടുത്തൊരു പ്രൈമറി സ്കൂൾ ഇല്ലായെന്നുള്ളതും സത്യമാണ്. അപ്പോൾ, ജനങ്ങൾക്ക് ബുദ്ധിമുട്ടില്ലാത്ത നിലയിൽ ഇതെങ്ങനെ പരിഹരിക്കാമെന്നാണ് ഗവൺമെൻറ് ആലോചിച്ചുകൊണ്ടിരിക്കുന്നത്. ബഹുമാനപ്പെട്ട മെമ്പർ പറഞ്ഞ ഏതൊക്കെ നിർദ്ദേശങ്ങൾ ഉൾക്കൊള്ളാൻ കഴിയും എന്ന് ഇപ്പോൾ പറയാൻ കഴിയുകയില്ല. എന്നിരുന്നാലും, ആ സ്കൂൾ അവിടെ നിലനിർത്തത്തക്കനിലയിൽ അതിനുവേണ്ട നടപടികൾ

LIBRARY ARCHIVES Kerala Legislative Assembly

സ്വീകരിക്കുന്നതാണ്. ആ പറയുന്ന പ്രദേശത്തുതന്നെ ഭൂമി കണ്ടെത്തുകയാണെങ്കിൽ ആ കുടികിടപ്പുകാരെ ഒഴിവാക്കേണ്ടതായിട്ട് വരും. അങ്ങനെ വരുമ്പോഴും ഉണ്ടാകാവുന്ന ബുദ്ധിമുട്ട് വേറെയാണ്. ഇതെല്ലാംകൂടി കണക്കിലെടുത്തുകൊണ്ട് എന്തെങ്കിലും നടപടികളും സ്വീകരിക്കുന്നതാണ്. 29-ാം തീയതി സമരം നടത്തുമെന്ന് പ്രഖ്യാപിച്ചിട്ടുണ്ട്. ആ സമരത്തിന്റെ ആവശ്യം എന്തായാലും ഇല്ല. ഇത് ഗവൺമെന്റിന്റെ ശ്രദ്ധയിൽ പെട്ടിരിക്കുകയാണ്. ബഹുമാനപ്പെട്ട മെമ്പർതന്നെ എന്നോട് പലപ്രാവശ്യവും പറഞ്ഞിട്ടുണ്ട്. അദ്ദേഹത്തിന്റെ ശ്രദ്ധക്ഷണിക്കൽ പ്രമേയത്തിലൂടെയും ഈ പ്രശ്നം സജീവമായി ഉന്നയിച്ചിരിക്കുകയാണ്. ഇതിന് പരിഹാരം ഉണ്ടാക്കി ഒരു താല്ക്കാലിക കെട്ടിടമെങ്കിലും നിർമ്മിച്ചുകൊടുത്തു അടുത്ത അദ്ധ്യയനവർഷമെങ്കിലും സ്കൂൾ പ്രവർത്തിപ്പിക്കുന്ന കാര്യത്തെക്കുറിച്ച് വളരെ സജീവമായിട്ട് ഗവൺമെന്റു പരിഗണിക്കുന്നതാണ്. അതുകൊണ്ട് മറ്റു നടപടികളിലേക്ക് പോകാതെ ഗവൺമെന്റുമായി സഹകരിക്കണം എന്ന് അഭ്യർത്ഥിക്കുകയാണ്.

ശ്രീ. കൊരമ്പയിൽ അഹമ്മദ് ഹാജി : സർ, ഈ പറഞ്ഞ സ്ഥലത്തു മറ്റു ബുദ്ധിമുട്ടുകൾ ഉണ്ടെങ്കിൽ അതിന് തൊട്ടുതന്നെ മറ്റു പുറമ്പോക്ക് ഭൂമികളുണ്ട്. അത് കണ്ടെത്തി അവിടെ ബദൽ സംവിധാനം ഉണ്ടാക്കുന്നതുവരെ അടുത്ത അദ്ധ്യയനവർഷം കുട്ടികൾക്ക് ബുദ്ധിമുട്ടില്ലാത്ത വിധത്തിൽ അപ്രോച്ച് റോഡിന്റെ പണി തുടങ്ങുന്നതുവരെയെങ്കിലും കെട്ടിടം പൊളിച്ചു മാറാതെ, കുട്ടികളുടെ പഠിത്തത്തിന് തടസം വരുത്താത്തവിധത്തിലുള്ള ഇടക്കാല സംവിധാനമുണ്ടാക്കാൻ തയ്യാറാകുമോ ?

ശ്രീ. ടി. എം. ജേക്കബ് : സർ, തല്ക്കാലം ഒരു ഇടക്കാല സംവിധാനം ഉണ്ടാക്കുകയും 10 ദിവസത്തിനകം ആ സ്പോട്ടുതന്നെ ജില്ലാ കളക്ടറോടും വിദ്യാഭ്യാസ ഡെപ്യൂട്ടി ഡയറക്ടറോടും ജോയിന്റായിട്ട് ഇൻസ്പെക്ഷൻ നടത്തി അതിനെ സംബന്ധിച്ച ഒരു ആംഗ്ലോർനോറിവ് അറേജ്മെന്റ് ഉണ്ടാക്കാനുള്ള ഒരു റിപ്പോർട്ട് ഗവൺമെന്റിലേക്ക് സമർപ്പിക്കുകയും ചെയ്യാൻ ആവശ്യപ്പെടുന്നതാണ്.

III സബ്മിഷൻ

(1) ആലപ്പുഴ ട്രാൻസ്പോർട്ട് ഡിപ്പോയുടെ ശോചനീയാവസ്ഥ

ശ്രീ. വി. ദിനകരൻ : സർ. ആലപ്പുഴ ട്രാൻസ്പോർട്ട് ഡിപ്പോയുടെ ശോചനീയാവസ്ഥ വകുപ്പു മന്ത്രിയുടെ ശ്രദ്ധയിൽപ്പെടുത്താനാണ് ഞാൻ ഉദ്ദേശിക്കുന്നത്. റെയിൽവേ സൗകര്യമില്ലാത്ത ജില്ലയാണ് ആലപ്പുഴ. സമ്പൂർണ്ണമായും ദേശസാൽകൃത റൂട്ടുമാണ്. 1983-ൽ 106 ഷെഡ്യൂളിന് 126 ബസ് ഉണ്ടായിരുന്നു. ഇപ്പോഴാണെങ്കിൽ 91 ഷെഡ്യൂളിന് ഏതാണ്ട് 103 ബസ് വേണ്ട സ്ഥാനത്ത് 80 ബസാണുള്ളത്. അതിൽ തന്നെ 24 എണ്ണം വർക്കുഷോപ്പിലാണ്. ബാക്കി 56 ബസ് മാത്രമാണുള്ളത്. 1,25,000 രൂപ പ്രതിദിനവരുമാനം ഉണ്ടായിരുന്ന ആ ഡിപ്പോയിൽ ഇന്ന് 75,000 രൂപയായി കുറഞ്ഞിരിക്കുന്നു. യാത്രക്കാരുടെ കുറവുകൊണ്ടല്ല, ബസ് ഇല്ലാത്തതുകൊണ്ടുമാത്രമാണ്. ഓരോ വർഷവും 10 ശതമാനം ഷെഡ്യൂളുകൾ വർദ്ധിപ്പിക്കണമെന്നാണ് പറയുന്നത്. 1982-ൽ ഉണ്ടായിരുന്നതിന്റെ 50 ശതമാനം ഷെഡ്യൂളുകൾ കുറഞ്ഞിരിക്കുകയാണ് ആലപ്പുഴ ഡിപ്പോയിൽ. അതുപോലെതന്നെ ഒരൊറ്റ എക്സ്പ്രസ് സർവ്വീസാണ് ആലപ്പുഴയിൽ നിന്ന് പുറപ്പെടുന്നത്. അന്തർസംസ്ഥാന സർവ്വീസുകൾ ഒന്നുംതന്നെ ഇവിടെ

LIBRARY ARCHIVES Kerala Legislative Assembly